**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1511** **16.03.2015- ൽ മറുപടിക്ക്**

**അസിസ്റ്റന്റ് ഫെർട്ടിലൈസർ / ഇൻസെക്ടിസൈഡ് ഓഫീസർ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.കെ.രാജു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിലെ മുഴുവൻ കൃഷി (എ) ഓഫീസർമാരും ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് ഓഫീസർമാരാണോ; ഇല്ലെങ്കിൽ ഇതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ? | അല്ല.<br><br>**ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർ**<br><br>6.1.2015-ലെ ജി.ഒ (പി) 02/2015/എഡി നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന കൃഷി വകുപ്പിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ<br>2. ഫെർട്ടിലൈസർ സംബന്ധമായ ചുമതല നിർവ്വഹിക്കുന്ന കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ (ട്രെയിനിംഗ്)<br>3. ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ<br>4. ഗുണനിലവാര പരിശോധന ചുമതലയുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ.<br>5. കൃഷി ഓഫീസർമാർ<br><br>ഇവർക്ക് 1985-ലെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിന്റെ ഖണ്ഡം 27 (എ) പ്രകാരം കൃഷിശാസ്ത്രത്തിൽ ബിരുദമോ കെമിസ്ട്രി ഒരു വിഷയമായി സയൻസ് ബിരുദമോ ഉണ്ടായിരിക്കേണ്ടതും ആവശ്യമായ പ്രവർത്തനതല പരിജ്ഞാനം/ പരിശീലനം ഉണ്ടായിരിക്കേണ്ടതുമാണ്. |

**ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ**

30.3.1988-ലെ ജി.ഒ (പി) നം.98/88/എഡി നമ്പർ ഉത്തരവ് പ്രകാരം കൃഷി വകുപ്പിലെ കൃഷി ആഫീസറും അതിലുയർന്ന തസ്തികയിലുള്ള എല്ലാ ടെക്നിക്കൽ ആഫീസർമാരും ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരാണ്.

ഇവർക്ക് 1971-ലെ ഇൻസെക്ടിസൈഡ് റൂൾസിലെ റൂൾ 26 (എ) (ബി) പ്രകാരം കൃഷി ശാസ്ത്രത്തിൽ ബിരുദമോ കെമിസ്ട്രി ഒരു വിഷയമായി സയൻസ് ബിരുദമോ ഉണ്ടായിരിക്കേണ്ടതും, ആവശ്യമായ പ്രവർത്തനതല പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതുമാണ്.

ബി) ബി.എസ്.സി. കൃഷിശാസ്ത്രം സിലബസ് മാനദണ്ഡമാക്കി പി.എസ്.സി. നടത്തുന്ന അർഹതാനിർണ്ണയ പരീക്ഷ വിജയിച്ച് കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിക്കുന്നവരെ ഫെർട്ടിലൈസർ/ഇൻസെക്ടിസൈഡ് ഓഫീസർമാരായി പരിഗണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്.

1985-ലെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരവും 1971-ലെ ഇൻസെക്ടിസൈഡ് റൂൾസ് പ്രകാരവും ആവശ്യമായ യോഗ്യതകളുള്ളവരെ മാത്രമെ ഫെർട്ടിലൈസർ/ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായി നിയമിക്കാൻ കഴിയൂ.

സി) മതിയായ ഫീൽഡ് പരിജ്ഞാനവും നിശ്ചിത വർഷം സർവ്വീസുമുള്ള കൃഷി അസിസ്റ്റന്റ്മാരെ അസിസ്റ്റന്റ് ഫെർട്ടിലൈസർ/ഇൻസെക്ടിസൈഡ് ഓഫീസർമാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി) ബന്ധപ്പെട്ട നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചശേഷമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

സെക്ഷൻ ഓഫീസർ